നം.എച്ച്2/29303/13/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 15.05.2014

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

**വിഷയം:- പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2013-14 – ഓരോ സ്കൂളിലേക്കും അനുവദിച്ച തസ്തികകളുടെ വിവര ശേഖരണം സംബന്ധിച്ച്.**

സൂചന:-
1. 01.10.2011-ലെ ജി.ഒ (പി) നമ്പർ 199/2011/പൊ.വി.വ
2. 29.11.2013-ലെ ജി.ഒ (പി) നമ്പർ 313/2013/പൊ.വി.വ
3. ഈ ഓഫീസിൽ നിന്നുള്ള 05.03.2014-ലെ ഇതേ നമ്പർ സർക്കുലർ
4. ഈ ഓഫീസിൽ നിന്നുള്ള 19.03.2014-ലെ ഇതേ നമ്പർ കത്ത്
5. 03.05.2014-ലെ സർക്കാർ കത്ത് നമ്പർ 23279/ജെ2/14/പൊ.വി.വ
6. ഈ ഓഫീസിൽ നിന്നുള്ള 05.05.2014-ലെ ഇതേ നമ്പർ കത്ത്
7. ഈ ഓഫീസിൽ നിന്നുള്ള 13.05.2014-ലെ ഇതേ നമ്പർ കത്ത്

2013-14 ലെ തസ്തിക നിർണയ ഉത്തരവുകൾ പ്രസിദ്ധീകരിക്കണമെന്നും റിവ്യൂ അടക്കമുള്ള പ്രവർത്തനങ്ങളെല്ലാം 31.05.2014-ന് മുമ്പ് പൂർത്തിയാക്കണമെന്നും സൂചന 6-ലെ കത്ത് വഴി നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് ഭൂരിഭാഗം വിദ്യാഭ്യാസ ഓഫീസർമാരും തസ്തിക നിർണയ ഉത്തരവുകൾ പ്രസിദ്ധീകരിച്ചതായി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന വിദ്യാഭ്യാസ ഓഫീസർമാരെ പ്രത്യേകം അഭിനന്ദിക്കുന്നു.

20.05.2014-ന് ഉച്ചയ്ക്കുശേഷം 2 മണിക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഈ വിഷയത്തിൽ വീഡിയോ കോൺഫറൻസ് വിളിച്ചിട്ടുണ്ട്. (അറിയിപ്പ് പിന്നാലെ). കോൺഫറൻസിനു മുമ്പ് ഓരോ സ്കൂളിലേക്കും നൽകിയ തസ്തികകളുടെ വിവരങ്ങൾ അദ്ദേഹത്തിന് ലഭ്യമാക്കിയിരിക്കണമെന്ന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഓൺലൈനായി ശേഖരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അവരവരുടെ അധികാരപരിധിയിലുള്ള മുഴുവൻ സ്കൂളുകളുടെയും വിവരങ്ങൾ ആണ് വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടത്. (സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സ്കൂളുകൾ ഉൾപ്പെടെ. എന്നാൽ അത്തരം സ്കൂളുകളുടെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾ യാതൊരു കാരണവശാലും പ്രസിദ്ധീകരിക്കരുത്. മൊത്തം സ്കൂളുകളിലെ തസ്തിക നിർണയത്തിന്റെ ചിത്രം വ്യക്തമാകുന്നതിനു വേണ്ടി മാത്രമാണ് ഈ സ്കൂളുകൾക്ക് അർഹതയുള്ള തസ്തികകളെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ നിർദ്ദേശിക്കുന്നത്. ഓൺലൈനിൽ "തസ്തിക നിർണയ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിന് ഈ സ്കൂളുകളുടെ കാര്യത്തിൽ 'No' ബട്ടൺ തന്നെ ക്ലിക്ക് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക.

തസ്തിക നിർണയ ഉത്തരവിലെ Appendix-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ആണ് ഓൺലൈൻ ആയി സമർപ്പിക്കേണ്ടത്. 18.05.2014-ന് വൈകിട്ട് 5 മണിക്കു മുമ്പ് എല്ലാ എ.ഇ.ഒ മാരും ഡി.ഇ.ഒ മാരും ഈ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത് സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. 18.05.2014-നു ശേഷം സൈറ്റ് ലഭ്യമാകുന്നതല്ല.

**എ.ഇ.ഒ/ഡി.ഇ.ഒ മാർ ചെയ്യേണ്ടത്**

www.itschool.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് Staff fixation 2013 -14 school wise report എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

1. സമ്പൂർണയുടെ user name, password നൽകി LOGIN ചെയ്യുക.

2. View Entry Status എന്ന Link-ൽ Click ചെയ്യുക

3. എയിഡഡ് സ്കൂളുകളെ സംബന്ധിച്ച് Individual ആണോ Corporate management ആണോ എന്ന് രേഖപ്പെടുത്തുന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. Corporate ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ 'Name of corporate management' എന്ന Text Box-ൽ മാനേജ്മെന്റിന്റെ പേര് Select ചെയ്തു ചേർക്കുക.

4. വിദ്യാഭ്യാസ ജില്ലയിലെ ഉപജില്ലകൾ, ഓരോന്നായി സെലക്ട് ചെയ്ത്, ഓരോ സ്കൂൾ ആയി സെലക്ട് ചെയ്യുമ്പോൾ അതത് സ്കൂളുകളിലെ തസ്തികകളുടെ പേര്, 2010-11 വർഷം അനുവദിച്ച തസ്തികകളുടെ എണ്ണം എന്നിവ ലഭ്യമാകും. എ.ഇ.ഒയുടെ കാര്യത്തിൽ View Entry Status-ൽ ക്ലിക്ക് ചെയ്താൽ ഉപജില്ലയിലെ സ്കൂളുകളുടെ പേരുകൾ ലഭ്യമാകും.

   2010-11 ലെ തസ്തികകളുടെ എണ്ണം സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ഇത് എഡിറ്റ് ചെയ്യാൻ കഴിയില്ല. അപ്പലേറ്റ് ഉത്തരവ് വഴിയോ മറ്റോ ഈ തസ്തികകളിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടെങ്കിൽ അവയുടെ വിവരം രേഖപ്പെടുത്തുന്നതിന് itschool ന്റെ സാങ്കേതിക സഹായം അഭ്യർഥിക്കുക. ഒപ്പംതന്നെ സ്കൂളിന്റെ പേരും കോഡും, വിദ്യാഭ്യാസ ജില്ല/ഉപജില്ല, അനുവദിച്ച തസ്തികയുടെ പേര്, എണ്ണം, അപ്പലേറ്റ് ഉത്തരവിന്റെ നമ്പരും തീയതിയും ഉടങ്ങിയ വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടറേയും അറിയിക്കണം. DDE മാർ ഈ വിവരങ്ങൾ ക്രോഡീകരിച്ച് 20.05.2014 നുമ്പ് ഡയറക്ടറേറ്റിൽ എത്തിക്കണം.

5. 2013-14 വർഷം 1:45 അനുപാതത്തിൽ അനുവദിച്ച തസ്തികകളുടെ എണ്ണം പെർമനന്റ് (P), ടെമ്പററി (T) തിരിച്ച് രേഖപ്പെടുത്തണം. ഈ കോളങ്ങളിൽ 2010-11-ലെ തസ്തികകളുടെ എണ്ണം അപ്ലോഡ് ചെയ്തിട്ടുണ്ട്. ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ മതിയാകും.

   2010-11 ൽ ഇല്ലാതിരുന്ന ഏതെങ്കിലും തസ്തികകൾ 2013-14 ൽ ഉണ്ടായെന്നുവരാം. (ഉദാ- ഏതെങ്കിലും ഫുൾടൈം തസ്തികകൾ പാർട്-ടൈം ആയി മാറുക, എച്ച്.എസ്.എ (ഹിന്ദി) യിൽ ഒരെണ്ണം എൽ.ജി. ഹിന്ദി ആയി മാറുക ഉടങ്ങിയ കാര്യങ്ങൾ. ഇവ 'അധിക തസ്തിക'യുടെ ഗണത്തിൽ വരുന്നതല്ല). ഇങ്ങനെ വരുമ്പോൾ പുതിയ തസ്തികയുടെ പേര് സെലക്ട് ചെയ്ത് എണ്ണം രേഖപ്പെടുത്തണം. ഇല്ലാതായ തസ്തികയുടെ എണ്ണം 2013-14 കോളത്തിൽ Zero ആയിത്തന്നെ രേഖപ്പെടുത്തണം.

6. ഇതുപോലെ തന്നെ, 1:45 അനുപാതം പ്രയോഗിക്കുമ്പോൾ പുറത്താകുന്ന അധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടിയുള്ള 1:35/1:30 അനുപാതപ്രകാരം അനുവദിച്ച തസ്തികകളുടെ എണ്ണം, ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ എണ്ണം എന്നിവ പെർമനന്റ്, ടെമ്പററി തിരിച്ച് അതത് കോളങ്ങളിൽ രേഖപ്പെടുത്തുക. (സർക്കാർ സ്കൂളുകൾ, ഒന്നിലധികം സ്കൂളുകൾ ഉള്ള കോർപ്പറേറ്റ് മാനേജ്മെന്റ് വക സ്കൂളുകൾ എന്നിവയുടെ കാര്യത്തിൽ 1:30/1:35 അനുപാതം അനുവദിച്ചിട്ടില്ലാത്തതിനാൽ അത്തരം സ്കൂളുകളിലെ തസ്തികകൾ 1:45 കോളങ്ങളിലും ഹെഡ്ടീച്ചർ കോളത്തിലും (അർഹതയുണ്ടെങ്കിൽ) മാത്രമേ രേഖപ്പെടുത്താവൂ.

7. തുടർന്ന് 2013-14 വർഷം അർഹതയുള്ള അധിക തസ്തികകളുടെ വിവരവും രേഖപ്പെടുത്തണം.

8. തസ്തിക നിർണയ ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന ചോദ്യത്തിന് Yes/No ബട്ടൺ ക്ലിക്ക് ചെയ്യുക (കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ള സ്കൂളുകളുടെ കാര്യത്തിൽ 'No' ബട്ടൺ തന്നെ ക്ലിക്ക് ചെയ്യാൻ മറക്കരുത്).

9. തുടർന്ന് സബ്മിറ്റ് ചെയ്യുമ്പോൾ View page ലഭ്യമാകും. ഇത് തസ്തിക നിർണയ ഉത്തരവിന്റെ Appendix മായി ഒരിക്കൽകൂടി ഒത്തുനോക്കി പരിശോധിച്ച് തെറ്റുകൾ എന്തെങ്കിലും കണ്ടാൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് എഡിറ്റ് ചെയ്ത് ശരിയാക്കുക. രേഖപ്പെടുത്തിയ വിവരങ്ങളെല്ലാം ശരിയാണെന്നുറപ്പാക്കി Confirm ചെയ്യുക. View page പ്രിന്റ് എടുത്ത് ഓഫീസിൽ സൂക്ഷിക്കുക.

*സംശയങ്ങൾക്ക്:* ഔദ്യോഗികം (ഡിപിഐഓഫീസ്) - 0471-2580515, 9446128780
സാങ്കേതികം (ഐടി@സ്കൂൾ പ്രോജക്ട്)- 0471-2529800 Extn. 852

വിശ്വസ്തതയോടെ,

**എൽ. രാജൻ**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)